## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3505** | **11.12.2018 - ൽ മറുപടിയ്ക്ക്**

### നീര പാനീയങ്ങൾ ഏകീകൃത ബ്രാൻഡാക്കാനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** നീരയുടെ ഉല്പാദനം കുറയാനുണ്ടായ സാഹചര്യമെന്തെന്നും ഉല്പാദനക്കുറവ് കയറ്റുമതിയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | **എ)** ഏകീകൃത ബ്രാൻഡ്, ലോഗോ, ആവശ്യത്തിന് ടെക്നീഷ്യൻമാരെ ലഭ്യമാകാത്തത് എന്നിവയുടെ അഭാവം ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. |
| **ബി)** നീര പാനീയങ്ങൾ ഏകീകൃത ബ്രാൻഡാക്കാനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **ബി)** നീര ഏകീകൃത ബ്രാൻഡാക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയും നീരയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് സ.ഉ.(പി)നം.06/2018/കൃഷി തീയതി 18/07/2018 ആയി സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. നീര ഏകീകൃത ബ്രാൻഡായി തനതായ ആരോഗ്യ പാനീയം എന്ന നിലയിൽ പുറത്തിറക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ / അന്തർദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ കൂടി ഉൾപ്പെടുത്തി നാളീകേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ ആദ്യ യോഗം 07/12/2018-ൽ തിരുവനന്തപുരത്ത് ചേർന്ന് ഭാവി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ